## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 452** **27.06.2019 – ൽ മറുപടിക്ക്.**

## പൊതുവിതരണരംഗം ശാക്തീകരിക്കുന്നതിന് നടപടി

ചോദ്യം

**ശ്രീ.വി.ആർ. സുനിൽ കുമാർ**
**,, ചിറയം ഗോപകുമാർ**
**,, ആർ. രാമചന്ദ്രൻ**
**,, എൽദോ എബ്രഹാം :**

(എ) സംസ്ഥാനത്തെ പൊതുവിതരണരംഗം ശാക്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്തെ പൊതുവിതരണരംഗം ശാക്തീകരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. റേഷൻ കാർഡുടമകൾക്ക് അർഹമായ റേഷൻ കൃത്യമായ അളവിൽ വിതരണം ചെയ്യുന്നു.
2. പൊതുവിതരണരംഗം അഴിമതി മുക്തമാക്കുന്നതിന് സാധിച്ചു.
3. സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചു.
4. റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനു തന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നു.
5. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും.
6. റേഷൻ കാർഡുകൾ കിട്ടുന്നതിന് ഓൺലൈനായി അപേക്ഷിക്കാവുന്ന സംവിധാനം നിലവിൽ വന്നു.
7. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുന്നു.
8. വാതിൽപ്പടി വിതരണം നിരീക്ഷിക്കുന്നതിന് സപ്ലൈ ചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ ഉപയോഗിച്ചുവരുന്നു.
9. ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം സംബന്ധിച്ച്

എസ്.എം.എസ് സന്ദേശം നൽകിവരുന്നു.

10. മൊബൈൽ ആപ്പ് വഴി റേഷൻ കാർഡ് വിവരങ്ങളും റേഷൻ സാധനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുന്നു.

11. ഡിജിലോക്കർ സംവിധാനത്തിൽ റേഷൻ കാർഡുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

12. റേഷൻ കടകൾ വൈവിദ്ധ്യവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

13. റേഷൻ വ്യാപാരികൾക്ക് 01.12.2018 മുതൽ പുതിയ കമ്മീഷൻ പാക്കേജ് നടപ്പിലാക്കി. ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

14. സംസ്ഥാനത്തെ ഏതു റേഷൻ കടയിൽ നിന്നും റേഷൻ വാങ്ങാവുന്ന സംവിധാനം (പോർട്ടബിലിറ്റി) നിലവിൽ വന്നിട്ടുണ്ട്. ഭക്ഷ്യ കമ്മീഷൻ പ്രവർത്തനം തുടങ്ങി.

വിജിലൻസ് കമ്മിറ്റികൾ ഉടൻ നിലവിൽ വരുന്നതാണ്.

(ബി) ഭക്ഷ്യഭദ്രതാ നിയമത്തിന്റെ ഭാഗമായി എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കിയിട്ടുണ്ടോ; ആയതിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഉണ്ട്. ആയതിന്റെ 4 കംപോണന്റുകളായ ഗുണഭോക്താക്കളുടെ വിവരം ഡിജിറ്റൈസ് ചെയ്യുക, റേഷൻകടകളിൽ വാതിൽപ്പടി വിതരണം നടപ്പാക്കുന്നതുൾപ്പെടെയുള്ള സപ്ലൈ ചെയിൻ മാനേജ്മെന്റ് സംവിധാനം, റേഷൻകടകളുടെ കമ്പ്യൂട്ടർവൽക്കരണം, പരാതിപരിഹാര സംവിധാനവും സുതാര്യതാപോർട്ടലും എന്നിവ നടപ്പിൽ വരുത്തി.

**ഗുണഭോക്താക്കളുടെ വിവരം ഡിജിറ്റലൈസ് ചെയ്യുക**

റേഷൻ കാർഡ് ഡാറ്റ മുഴുവനും ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. ഇ-സർവ്വീസസ് മുഖേന പുതിയ റേഷൻ കാർഡിനും മറ്റു കാർഡ് അനുബന്ധ സേവനങ്ങൾക്കും ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള സംവിധാനം സംസ്ഥാനത്തുടനീളം 2018 ആഗസ്റ്റ് 4 ന് നിലവിൽ വന്നു. നാളിതുവരെ 28 ലക്ഷത്തിൽപരം അപേക്ഷകൾ ഈ സംവിധാനത്തിലൂടെ ലഭിച്ചിട്ടുണ്ട്.

**സപ്ലൈ ചെയിൻ മാനേജ്മെന്റ്**

എല്ലാ റേഷൻകടകളിലും വാതിൽപ്പടി വിതരണം മുഖേന റേഷൻ നേരിട്ടെത്തിക്കുന്നതിന് സപ്ലൈകോയെ ചുമതലപ്പെടുത്തി . SCMS ആപ്ലിക്കേഷൻ മുഖേന റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ കൈകാര്യം ചെയ്യുന്നു.

**റേഷൻകടകളുടെ കമ്പ്യൂട്ടർവൽക്കരണം**

എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. epos.kerala.gov.in എന്ന പോർട്ടൽ മുഖേന ട്രാൻസാക്ഷൻ വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്ന സംവിധാനവും സംസ്ഥാനത്തെ ഏതു റേഷൻകടയിൽ

നിന്നും റേഷൻ വാങ്ങാവുന്ന വിധം സംസ്ഥാനതല പോർട്ടബിലിറ്റി സംവിധാനവും നിലവിലുണ്ട്.

**<u>സുതാര്യതാ പോർട്ടലും പരാതി പരിഹാര സംവിധാനവും</u>**

റേഷൻ കാർഡുകളുടെ വിവരങ്ങൾ, റേഷൻ വിതരണം, സ്റ്റോക്ക് പൊസിഷൻ തുടങ്ങിയ കാര്യങ്ങൾ പൊതുജനങ്ങൾക്ക് പരിശോധിക്കാവുന്ന വിധം civilsupplieskerala.gov.in എന്ന പോർട്ടലും പരാതികൾ ഓൺലൈനായി രേഖപ്പെടുത്തുന്നതിന് pq.civilsupplieskerala.gov.in എന്ന പോർട്ടലും നിലവിലുണ്ട്. കൂടാതെ 1967 എന്ന ടോൾ ഫ്രീ നമ്പരായി ഒരു കാൾ സെന്റർ സംവിധാനവും കമ്മീഷണറേറ്റിൽ സ്ഥാപിച്ചിട്ടുണ്ട്.

(സി) ഇ-പോസ് മെഷീനുകൾ ഇലക്ട്രോണിക് വെയിംഗ് ബാലൻസുമായി ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പസാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കുമോ; ആയതിന്റെ ഗുണഫലങ്ങൾ അറിയിക്കുമോ;

(സി) ഇലക്ട്രോണിക് വെയിംഗ് ബാലൻസുമായി ബന്ധിപ്പിക്കുന്ന പ്രക്രിയ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിനായി തയ്യാറാക്കിയ RFP (Request For Proposal) പബ്ലിഷ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമൂലം ഉപഭോക്താവിന് കൃത്യമായ അളവിൽ അർഹതപ്പെട്ട വിഹിതം ലഭിക്കും. തൂക്കക്കുറവ് എന്ന പരാതി പരിഹരിക്കപ്പെടും.

(ഡി) നവീകരണ പ്രവൃത്തികൾ എല്ലാ റേഷൻകടകളിലും നടപ്പാക്കിയിട്ടുണ്ടോ; ആയതിന്റെ വിവരങ്ങൾ അറിയിക്കുമോ;

(ഡി) റേഷൻകട നവീകരണത്തിന്റെ ഭാഗമായി റേഷൻകടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് ഒരു റേഷൻകടയ്ക്ക് 2,500/- രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനായി 3,50,00,000/- (മൂന്ന് കോടി അൻപത് ലക്ഷം രൂപ) അനുവദിച്ചു. റേഷൻകടകൾ നവീകരണം താഴെ പറയുന്ന രീതിയിലാണ് ചെയ്തിട്ടുള്ളത്.

1) ചുവപ്പും മഞ്ഞയും നിറത്തിൽ നിശ്ചിത മാതൃകയിൽ ബോർഡുകൾ സ്ഥാപിക്കുക.
2) നിശ്ചിത മാതൃകയിൽ ഉള്ള സ്റ്റോക്ക്ബോർഡ്/ വിലവിവര പട്ടിക ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ സ്ഥാപിക്കുക.
3) കടയുടെ ഉൾവശം വൈറ്റ് വാഷ് ചെയ്യുക.
4) ഷട്ടർ / ഡോർ എന്നിവ അംഗീകരിച്ച മാതൃകയിൽ പെയിന്റ് ചെയ്യുക.

| | | | |
|---|---|---|---|
| (ഇ) | റേഷൻ വ്യാപാരികൾക്ക് നൽകുന്ന അടിസ്ഥാന കമ്മീഷനും വില്പനയ്ക്ക് ആനുപാതികമായി നൽകുന്ന അധിക കമ്മീഷനും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | (ഇ) | 45 ക്വിന്റൽ വരെ പ്രതിമാസ വിൽപ്പന നടത്തുന്ന റേഷൻ വ്യാപാരിക്ക് സപ്പോർട്ടീവ് പേയ്മെന്റ് ഉൾപ്പെടെ 18,000/- രൂപ അടിസ്ഥാന കമ്മീഷൻ ലഭിക്കുന്ന രീതിയിൽ പുതിയ കമ്മീഷൻ പാക്കേജ് 01.12.2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. അപ്രകാരം 45 ക്വിന്റലിന് മുകളിൽ വിൽപ്പന നടത്തുന്ന റേഷൻ വ്യാപാരിയ്ക്ക് 18,000/- രൂപയ്ക്ക് പുറമേ അധികമായി വിൽപ്പന നടത്തുന്ന ഓരോ ക്വിന്റലിനും 180/- രൂപ നിരക്കിൽ കമ്മീഷൻ ലഭിക്കുന്നതായിരിക്കും. |
| (എഫ്) | പൊതുവിതരണ ശൃംഖലയുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (എഫ്) | പൊതുവിതരണ സംവിധാനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ഫലപ്രദവും ജനോപകാരപ്രദവുമാക്കുക എന്ന ലക്ഷ്യത്തോടെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013, 01.11.2016 ൽ നടപ്പിലാക്കിയിട്ടുണ്ട്. End to End Computerization, ഭക്ഷ്യ ധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീനുകളുടെ ഉപയോഗം എന്നിവ നടപ്പിൽ വന്നതോടുകൂടി പൊതു വിതരണ രംഗം കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി. ഇതിന്റെ ഭാഗമായി കാർഡുടമകൾക്ക് അവരുടെ പ്രതിമാസ വിഹിതം സംബന്ധിക്കുന്ന അറിയിപ്പുകൾ SMS alert ആയി നൽകി വരുന്നു. റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ ക്രിയാത്മകവും, ഫലപ്രദമായും തടയുന്നതിന് വകുപ്പിലെ ജില്ലാതലം മുതൽ താലൂക്ക് തലം വരെയുള്ള പരിശോധനാ ഉദ്യോഗസ്ഥർ നിരന്തരം പരിശോധന നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കൂടാതെ സംസ്ഥാന തല പരിശോധനാ സംഘവും പരിശോധന നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.<br><br>റേഷനിംഗ് ഇൻസ്പെക്ടർമാർ അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡികളും മാസത്തിൽ 1 തവണ കർശനമായി പരിശോധിക്കുന്നതിനും ആയത് താലൂക്ക് സപ്ലൈ ആഫീസർമാർ സൂപ്പർ ചെക്ക് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 റേഷൻ കാർഡുകളെങ്കിലും പരിശോധിച്ച് പരിശോധനയുടെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും, എ.ആർ.ഡികളിൽ റേഷൻ സാധനങ്ങളുടെ സ്റ്റോക്ക് ഉറപ്പ് വരുത്തുന്നതിനും റേഷൻ വ്യാപാരികൾ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും റേഷൻ കടകളിൽ വിലവിവരപട്ടിക, വിതരണതോത് എന്നിവ ഉപഭോക്താക്കൾ കാണത്തക്ക രീതിയിൽ പ്രദർശിപ്പിച്ചിട്ടുണ്ടോയെന്നും, ഭക്ഷ്യധാന്യങ്ങളുടെ സാമ്പിൾ |

പാക്കറ്റ് പ്രദർശിപ്പിക്കുന്നതിനും, ആയത് തന്നെയാണോ വിതരണം ചെയ്യുന്നതെന്ന് ഉറപ്പ് വരുത്തുന്നതിനും, വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. താലൂക്ക് സപ്ലൈ ഓഫീസർമാർ/സിറ്റി റേഷനിംഗ് ഓഫീസർമാർ 3 മാസത്തിലൊരിക്കൽ അവരുടെ അധികാര പരിധിയിലുള്ള എല്ലാ എ.ആർ.ഡികളും പരിശോധിക്കുന്നതിനും റേഷനിംഗ് ഇൻസ്പെക്ടർമാർ നടത്തിയ 50% പരിശോധനകളിൽ സൂപ്പർ ചെക്ക് നടത്തുന്നതിനും, ജില്ലാ സപ്ലൈ ഓഫീസർമാർ ജില്ലയിലെ മുഴുവൻ ഫർക്കകളിലെയും കുറഞ്ഞത് 2 റേഷൻകട എന്ന നിലയ്ക്ക് എല്ലാ ഫർക്കയിലും പ്രതിമാസ പരിശോധന നടത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. മേഖല ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ജില്ലകളുടെ പ്രവർത്തനം അവലോകനം ചെയ്ത് പരിശോധനകൾ യഥാവിധി നിരീക്ഷിച്ച്, ന്യൂനതകളും അപാകതകളും കണ്ടെത്തുന്ന പക്ഷം അതിനുത്തരവാദികളായ എ.ആർ.ഡികൾക്കും ഗോഡൗൺ സൂക്ഷിപ്പുകാർക്കുമെതിരെ നടപടിയെടുക്കുന്നതിനും വീഴ്ച വരുത്തിയ മറ്റു ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**